(6) ചങ്ങനാശ്ശേരിയിലെ റെയിൽവേ പുറമ്പോക്കിൽ താമസി ക്കുന്നവർക്ക് വേനനിർമ്മാണ പദ്ധതി

ശ്രീ. സി.എഫ്. തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരിയിൽ റെയിൽവേ പുറമ്പോക്കിൽ താമസിക്കുന്ന നാനൂറോളം കുടുംബങ്ങൾ തുടർച്ചയായി കുടിയിറക്ക് ഭീഷണിയെ നേരിടുകയാണ്. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ 4 പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി ടൗണിലുമായി താമസി ക്കുന്ന ഈ 400 കുടുംബങ്ങൾക്ക് വേറെ പോയി താമസിക്കാൻ ഒരു നിവൃത്തിയുമില്ലാത്തവരാണ്. അവർക്ക് സ്വന്തമായി ഭൂമി യില്ല. അവർക്ക് വേനനിർമ്മാണത്തിനായിട്ട് ഒരു പദ്ധതി അടിയ ന്തിരമായി നടപ്പിലാക്കാൻ തയ്യാറാകണമെന്ന് ബഹുമാനപ്പെട്ട ഭവന നിർമ്മാണ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, നമ്മുടെ വഴിവക്കുകളിലും റെയിൽവേ പുറമ്പോക്കുകളിലുമായി അനേകായിരം ആളുകളാണ് പാർക്കുന്നുണ്ട്. ഇവർ അവിടെ കയറി താമസിച്ചത് ശരിയാണോ തെറ്റാണോ എന്ന കാര്യത്തിലേക്ക് കടക്കാതെ സ്വന്തമായി വീട് വയ്ക്കാൻ ഭൂമി ഇല്ലാത്ത ആളുകൾക്ക് ഭൂമി കൊടുത്ത് അവരെ പുനരധിവസിപ്പിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനു വ്യാപകമായ ഒരു പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ചങ്ങനാശ്ശേരി റെയിൽവേ പുറമ്പോക്കിലുള്ള ആളുകളെ ഒഴിപ്പിച്ചുതരണമെന്ന് റെയിൽവേ അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ട്. അവിടെ 134 കുടുംബങ്ങളുണ്ട്. അവരിൽ അർഹതയുള്ളവരെ പുനരധിവസിപ്പിക്കാൻ നടപടി എടു ക്കുന്നതാണ്.

(7) പാലക്കാട് ജില്ലയിലെ തൃക്കുടീരി പഞ്ചായത്തിൽ ഹൈസ്കൂൾ വേണമെന്ന ആവശ്യം

ശ്രീ. വി.സി. കബീർ: സർ, നമ്മുടെ സംസ്ഥാനത്ത് 1001 പഞ്ചാ യത്തുകളുണ്ട്. ഈ 1001 പഞ്ചായത്തുകളിലും ഹൈസ്കൂൾ ഉണ്ടാ കണം എന്നുള്ളതാണ് ഗവൺമെന്റിന്റെ നയമെന്ന് ഞാൻ മനസ്സി ലാക്കുന്നു. എന്നാൽ സംസ്ഥാനത്തെ 10 പഞ്ചായത്തുകളിൽ ഇപ്പോഴും ഹൈസ്കൂളുകളില്ല. നിർഭാഗ്യവശാൽ എന്റെ നിയോജക മണ്ഡലമായ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ തൃക്കുടീരി പഞ്ചായത്തിൽ ഒരു ഹൈസ്കൂളില്ല. പലപ്പോഴും ഈ പ്രശ്നം ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. ഇവിടത്തെ വിദ്യാർത്ഥികളുടെ കഷ്ടസ്ഥിതി പരിഗണിച്ച്, മേഖലയുടെ വളർത്തിയെടുക്കു ന്നതിനുവേണ്ടി ഒറ്റപ്പാലത്തെ തൃക്കുടീരി പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ ആരംഭിക്കണമെന്ന് ഞാൻ വിദ്യാഭ്യാസവകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, തൃക്കുടീരി പഞ്ചായത്തിൽ ഹൈസ്കൂൾ ഇല്ലായെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഹൈസ്കൂൾ ഇല്ലാത്ത പഞ്ചാ യത്തുകളിൽ ഗവൺമെന്റ് ഹൈസ്കൂൾ തുടങ്ങാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ വ്യവസ്ഥകൾ പാലിക്കാൻ ബന്ധപ്പെട്ട ആളുകൾ മുന്നോട്ടു വരണം. സ്കൂളിനാവശ്യമായ സ്ഥലവും

LIBRARY ARCHIVES Kerala Legislative Assembly